1986-ലെ കേരള ഗ്രന്ഥശാലാ സംഘം (ഭരണ നിർവ്വഹണം ഏറ്റെടുക്കൽ) ഭേദഗതി ബില്ലിനെ പ്പറ്റിയുള്ള 6-ാം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, മുഖ്യമന്ത്രിയും ആറാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ 1986-ലെ കേരള ഗ്രന്ഥശാലാസംഘം (ഭരണ നിർവ്വഹണം ഏറ്റെടുക്കൽ) ഭേദഗതി ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

VI. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ടുപരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 26-ാമതു റിപ്പോർട്ട്

ശ്രീ. എം. എം. ഹസ്സൻ : സർ, അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കെ. തോമസ് : ഞാൻ ഇതിനെ പിന്താങ്ങുന്നു.

(i) 1984-ലെ കേരള കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബിൽ

(ചർച്ച തുടർച്ച)

ശ്രീ. എ. വി. താമരാക്ഷൻ : സർ, നമ്മുടെ സംസ്ഥാനത്തെ കെട്ടിട നിർമ്മാണ രംഗത്തും അതുപോലെ തന്നെ മറ്റ് പൊതുമരാമത്ത് രംഗത്തും പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി ഉറപ്പുവരുത്തുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് പരാജയപ്പെടുന്ന ഈ സാഹചര്യത്തിലാണ് അനൗദ്യോഗിക ബില്ലുകളിലൂടെ ഇതിന് പരിഹാരം കാണുവാൻവേണ്ടി ശ്രമിച്ചത്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്ന ഒരു മേഖല ഈ നിർമ്മാണ രംഗമാണ്. കെട്ടിടങ്ങളുടെ നിർമ്മാണം, റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണം (വലിയ ഡാമുകളടക്കമുള്ള), ഇന്ന്, സംസ്ഥാനത്തിന്റെ വികസനരംഗത്ത് കാണുന്ന എല്ലാത്തരം വികസനപ്രവർത്തനങ്ങളുടെയും പൂർത്തീകരണത്തിനുവേണ്ടി പണിയെടുക്കുന്ന ആ തൊഴിലാളികൾക്ക് ജോലി ചെയ്യാനുള്ള ആരോഗ്യസ്ഥിതി നഷ്ടപ്പെട്ടുകഴിഞ്ഞാൽ യാതൊരുവിധമായ ആനുകൂല്യങ്ങളും ലഭിക്കാതെ ഇന്ന് പുറംതള്ളപ്പെടുന്ന സ്ഥിതിയാണ് ഈ രംഗത്തുള്ളത്. ഇന്ന് ഈ സംസ്ഥാനത്ത് കാണുന്ന കെട്ടിടങ്ങളും പാലങ്ങളുമെല്ലാം തന്നെ തൊഴിലാളികളുടെ വിയർപ്പും ചോരയും കൊണ്ട് ഉണ്ടാക്കിയിട്ടുള്ളതാണ്. അങ്ങനെ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം യാതൊരു ക്ഷേമനിധിയുമില്ലാത്ത സാഹചര്യത്തിൽ ഈ തൊഴിലാളികൾക്ക് ക്ഷേമനിധി ഉറപ്പുവരുത്തണമെന്ന ലക്ഷ്യബോധ

LIBRARY ARCHIVES Kerala Legislative Assembly

ത്തോടുകൂടിയാണ് ഈ നിയമം കൊണ്ടുവരാൻ ഇപ്പുറത്ത് ഞങ്ങളെ പ്രേരിപ്പിച്ചിട്ടുള്ളത്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് കണ്ടുവരുന്ന വേറൊരു പ്രവണത പരമ്പരാഗത വ്യവസായമെല്ലാമാകെ തകർന്നിരിക്കുന്നുവെന്നാണ്.

വ്യാവസായികമായി ഒരു വളർച്ചയും ഉണ്ടായിട്ടില്ല. കാർഷിക രംഗം ആകെ സ്തംഭനാവസ്ഥയിലാണ്. ഇതിന്റെ ഫലമായി ഇന്ന് കൂടുതൽ കൂടുതൽ ചെറുപ്പക്കാർ, മറ്റു തൊഴിലാളികളും ഒക്കെതന്നെ ഈ നിർമ്മാണമേഖലകളിലേക്ക് കടന്നുവന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് ആലപ്പുഴയിലാണെങ്കിൽ ബി. എ. യും, ബി. എസ്. സിയും പാസ്സായ കുട്ടികൾപോലും റോഡുപണിക്കു, അടുത്തുള്ള കെട്ടിട നിർമ്മാണത്തിനുമെല്ലാം പോയിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായി വർഷങ്ങളായി നിർമ്മാണരംഗത്തെമാത്രം ആശ്രയിച്ചുകഴിയുന്ന ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ദിവസത്തിൽ ഒരു ജോലി കിട്ടിയിരുന്നുവെങ്കിൽ അത് ഇന്ന് ഒരു മാസത്തിൽ ഒരു ദിവസമായി മാറിക്കൊണ്ടിരിക്കുകയാണ്. അത് കണക്കിലെടുത്തുകൊണ്ട് എല്ലാ തൊഴിലാളികളും ഈ രംഗത്ത് കയറിവരുന്നത് തടയാൻവേണ്ടി ഇവരെ രജിസ്റ്റർ ചെയ്യണം.

(ചർച്ച തുടരും)

(ii) ബില്ലുകളുടെ അവതരണാനുമതിക്കുവേണ്ടിയുള്ള പ്രമേയം സംബന്ധിച്ച ചർച്ച

(1) 1985-ലെ കേരള കർഷകത്തൊഴിലാളി (ഭേദഗതി) ബിൽ

ശ്രീ. സി. ടി. കൃഷ്ണൻ : കേരളത്തിലെ കർഷകത്തൊഴിലാളികളുടെ പ്രധാനപ്പെട്ട ആവശ്യങ്ങളെ ബാധിക്കുന്ന നിയമത്തിലെ ചില ഭേദഗതികളെ സംബന്ധിച്ചാണ് ഞാൻ ബില്ല് അവതരിപ്പിക്കുന്നത്. പ്രധാനമായും ഏഴ് ഭേദഗതികളാണ് ഉന്നയിച്ചിട്ടുള്ളത്. ആ നിയമത്തിൽ പറയുന്ന ചില വകുപ്പുകൾ ഇന്ന് നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾപോലും തൊഴിലാളികൾക്ക് നഷ്ടപ്പെടുന്ന ഒരു സ്ഥിതിയാണുള്ളത്. 1974-ലെ ആക്ട് പ്രകാരം ഒരു ഹെക്ടർ ഭൂമിയിൽ താഴെ കൈവശമുള്ള ഭൂവുടമകളുടെ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഈ നിയമം ബാധകമല്ല. അതുകൊണ്ട് അത് അര ഹെക്ടറാക്കണമെന്നാണ് എന്റെ ഭേദഗതി. In sub-section (1) of section 42 of the Principal Act, for the words "more than one hectare", the words "more than one half hectore" shall be substituted.

ഒരു ഹെക്ടറിനു പകരം അര ഹെക്ടർ എന്ന ഭേദഗതി അംഗീകരിക്കണം. ഒരു ഹെക്ടർ എന്നത് 25 പറയ്ക്കുള്ള കൃഷിഭൂമിയാണ്. 25 പറയ്ക്ക് നെൽകൃഷിയുള്ള ഭൂ ഉടമകളുടെ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഈ നിയമത്തിലെ പ്രധാനപ്പെട്ട വകുപ്പുകളൊന്നും ബാധകമല്ല. അങ്ങനെ ബാധകമല്ല എന്നുപറയുമ്പോൾ തൊഴിലാളികൾക്ക് യാതൊരു ഗുണവുമില്ലാത്ത സ്ഥിതിയാണ് ഉണ്ടാകാൻ പോകുന്നത്. അതുകൊണ്ട് തീർച്ചയായും ലക്ഷക്കണക്കിന് തൊഴിലാളികളെ ബാധിക്കുന്ന ഈ നിയമത്തിൽ ഭേദഗതി വരുത്തണം. 18, 20, 23, 24, 25 എന്നീ വകുപ്പുകളുടെ ഗുണം ഒന്നും തന്നെ ഇന്ന് ഈ ആക്ട്

LIBRARY ARCHIVES Kerala Legislative Assembly